# സ്റ്റേറ്റ് കൗൺസിൽ ഫോർ ഓപ്പൺ ആന്റ് ലൈഫ്ലോ് എജ്യുക്കേഷൻ-കേരള, തിരുവനന്തപുരം

## എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമം

സ്കോൾ-കേരള - ഹയർസെക്കന്ററി 2015-17 ബാച്ച് പ്രൈവറ്റ് ഒന്നാം വർഷ ഓറിയന്റേഷൻ ക്ലാസ്സ് സംഘടിപ്പിച്ചതിന് **236** സ്കൂളുകൾക്ക് **24,98,572**/- (ഇരുപത്തിനാല് ലക്ഷത്തി തൊണ്ണൂറ്റി എട്ടായിരത്തി അഞ്ഞൂറ്റി എഴുപത്തി രണ്ട് രൂപ) അനുവദിച്ച് ഉത്തരവാകുന്നു.

---

### സ്കോൾ-കേരള

ഉത്തരവ് നമ്പർ. ബി1/1979/16/സ്കോൾ-കേരള                                        തീയതി: 17.01.2017

---

സൂചന: 1. 3.10.2016ലെ ഉത്തരവ് നമ്പർ ബി1/1979/16 സ്കോൾ കേരള-പ്രകാരമുള്ള എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമത്തിന്റെ ഉത്തരവ്
2. **236** സ്കൂളുകളിൽ നിന്നും ലഭിച്ച ഓറിയന്റേഷൻ വിശദാംശങ്ങൾ
3. എക്സിക്യൂട്ടീവ് ഡയറക്ടറുടെ 17.01.2017-ലെ നോട്ട് ഉത്തരവ്

### ഉത്തരവ്

സ്കോൾ-കേരള മുഖാന്തിരം 2015-17 ബാച്ചിൽ ഒന്നാം വർഷ പ്രൈവറ്റ് രജിസ്ട്രേഷൻ നേടിയ വിദ്യാർഥികൾക്ക് പരീക്ഷാ കേന്ദ്രമായി ആകെ 711 ഹയർസെക്കന്ററി സ്കൂളുകളാണ് അനുവദിച്ചിരുന്നത്. പ്രസ്തുത സ്കൂളുകളിൽ രണ്ട് ദിവസത്തെ ഓറിയന്റേഷൻ ക്ലാസ്സുകൾ നടത്തിയ ശേഷം ആദ്യഘട്ടത്തിൽ വിശദാംശങ്ങൾ അയച്ചുതന്ന **319** സ്കൂളുകൾക്ക് സൂചന (1) പ്രകാരം **31,36,848**/- രൂപ അനുവദിച്ച് നൽകിയിരുന്നു. ഇപ്പോൾ 236 സ്കൂളുകൾ കൂടി വിശദാംശങ്ങൾ അയച്ചുതന്നിട്ടുണ്ട്. ഇവ പരിശോധിച്ച് പ്രതിഫലം അനുവദിക്കേണ്ടതുണ്ട്.

മേൽ പറഞ്ഞ 236 സ്കൂളുകൾ അയച്ചുതന്ന ഓറിയന്റേഷൻ ക്ലാസ് നടത്തിപ്പിന്റെ വിശദാംശങ്ങൾ പരിശോധിച്ച് അംഗീകരിച്ചതിൻ പ്രകാരം പ്രസ്തുത കേന്ദ്രങ്ങൾക്ക് പ്രതിഫലം അനുവദിക്കുവാൻ **24,98,572/-** രൂപ അനുവദിച്ച് ഉത്തരവാകുന്നു.

മേൽ അനുവദിക്കപ്പെടുന്ന തുക സ്കോൾ-കേരളയുടെ 2016-17 ബഡ്ജറ്റിലെ "Conduct of Higher Secondary Private Course" എന്ന ഹെഡിൽ നിന്നും കണ്ടെത്താവുന്നതാണ്. പ്രസ്തുത തുകയുടെ ചെക്ക് വാങ്ങി അതാത് സ്കൂൾ പ്രിൻസിപ്പാൾമാരുടെ സ്കൂൾ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യുന്നതിന് സ്കോൾ-കേരളയുടെ അക്കൗണ്ട്സ് സെക്ഷനെ ചുമതലപ്പെടുത്തുന്നു. അക്കൗണ്ട് നമ്പർ, തുക, സ്കൂൾ എന്നിവയുടെ വിശദാംശങ്ങൾ അടങ്ങിയ ലിസ്റ്റ് ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.

(ഒപ്പ്)
**എക്സിക്യൂട്ടീവ് ഡയറക്ടർ**
ഉത്തരവിൻ പ്രകാരം

സ്വീകർത്താവ്
ക്യാഷ് സെക്ഷൻ
സ്കോൾ-കേരള

**സെക്രട്ടറി**

പകർപ്പ്
സെക്രട്ടറി, സ്കോൾ-കേരള
എക്സിക്യൂട്ടീവ് ഡയറക്ടർ/സെക്രട്ടറിയുടെ പി.എ
ബഡ്ജറ്റ് സെക്ഷൻ
സ്റ്റോക്ക് ഫയൽ

C5/E/B1/Proceed/Proced-Mal/11